ലിയാത്തോഡിന്റെ

‘The Post Modern Condition :

A Report on Knowledge’ എന്ന കൃതിയിൽ നിന്നും

# ഉത്തരാധുനികതയെ നിർവചിക്കുമ്പോൾ

**വിവർത്തനം : അശ്വതി എ**

ഉത്തരാധുനികത എന്ന പദത്തെ ചുറ്റിനിൽക്കുന്ന ചില പ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടാനായി ചുരുക്കം ചില നിരീക്ഷണങ്ങളാണ് ഞാൻ പങ്കുവെക്കുന്നത്.അവ അത്തരം നിരീക്ഷണങ്ങൾ പരിഹരിക്കാനുദ്ദേശിച്ചുള്ളതല്ല മറിച്ച് അവ യിലെക്ക ശ്രദ്ധതിരിക്കാനുള്ളതാണ്.വാദപ്രതിവാദങ്ങൾ അവസാനിപ്പിക്കുകയല്ല സാധ്യമാക്കുന്നയത്രയും സംശയ ങ്ങളും അവ്യക്തതയും നിവാരണം ചെയ്തുകൊണ്ട് ചർച്ച കൾക്ക് തുടക്കം കുറിക്കുന്ന വാതിലുകൾ തുറന്നിടുക യാണ് ലക്ഷ്യം.ഉത്തരാധുനികത എന്ന പദം മൂന്നുതരം വാദ മുഖങ്ങൾ മുന്നോട്ടുവയ്ക്കുന്നു അവ ഏതൊക്കെയാണെന്ന് പരിശോധിക്കാം.

ആദ്യത്തേത് ശിൽപഘടന സിദ്ധാന്തങ്ങളിൽ ഉത്ത രാധുനികതയും തമ്മിലുള്ള വൈരുദ്ധങ്ങളാണ്.പൗലോ പോർട്ടിഗേസിയുടെ[1] അഭിപ്രായത്തിൽ ഒരു പിളർപ്പ് അല്ലെ ങ്കിൽ വിള്ളലാണത്.ദേ സ്റ്റജ്ൽ[3] **(De stijl)** പോലെയുള്ള പ്രസ്ഥാനങ്ങളുടെ കവിതകളിൽ ഉദാത്തവൽക്കരിക്കപ്പെട്ട യൂക്ലിഡിയൻ ജ്യാമിതിയുടെ[2] ആധിപത്യത്തെ അസാധുവാ ക്കുന്നതാണ് ഈ വിള്ളൽ മറ്റൊരു ഇറ്റാലിയൻ ശിൽപി യായ വിക്ടോറിയോ ഗ്രിഗോട്ടി അഭിപ്രായപ്പെടുന്നത് രണ്ടു കാലഘട്ടവും തമ്മിലുള്ള വിഭിന്നത അത്യധികം രസകര മായ ഒരു പിളർപ്പാകാനാണ് സാധ്യത എന്നാണ്.മനുഷ്യരാ ശിയുടെ വിമോചന സാക്ഷാത്കാരങ്ങളിൽ വാസ്തുവിദ്യ പദ്ധതികളും സാമൂഹിക ചരിത്ര പുരോഗതിയും തമ്മിൽ ഗാഢമായ ബന്ധങ്ങളൊന്നും നിലനിർത്തുന്നില്ല. മനുഷ്യ രാശിയൊന്നാകെ അധിവസിച്ചിരുന്ന ഇടത്തേ പുനർനിർമ്മിക്കുന്ന അവസാനത്തേ പദ്ധതിയുപേക്ഷിച്ചതി

നാലും കൈവശപ്പെടുത്തുന്നയിടങ്ങളിലൊക്കെ ചെറു പരിണാമങ്ങളുടെ ആധിക്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നതിനാൽ ഉത്തരാധുനിക രൂപകൽപനകൾ വിമർശനത്തിനു വിധേയമായിട്ടുണ്ട്. ഈ അർഥത്തിൽ വിശാലമായ അന്തരീക്ഷത്തിൽ ഒരു കാഴ്ച്ചപ്പാട് രൂപപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്.ഉത്തരാധുനിക മനുഷ്യന്റെ പ്രത്യേകിച്ച് ഉത്തരാധുനിക ശിൽപികളുടെ ദൃഷ്ടിയിൽ സമ്പൂർണ്ണമായ വിരാമം അല്ലെങ്കിൽ സകലരെയും ഉൾക്കൊള്ളുന്ന ചക്രവാളങ്ങൾ സാധ്യമല്ലെന്നു തന്നെ പറയാം യുക്തിയുടെയും സ്വാതന്ത്രത്തിന്റെയും അളവുകോലുകളിൽ നിന്ന് പുരോഗമനത്തിന്റെ ഇത്തരം ആശയങ്ങൾ അപ്രത്യക്ഷമായതു തന്നെ ഉത്തരാധുനിക വാസ്തുവിദ്യയുടെ സവിശേഷമായ ശൈലിയും സ്വരങ്ങളും വിശദീകരിക്കാനുള്ളതാണ്.ഒരു തരത്തിലുള്ള ബ്രികോളാഷ്[4] ആണെന്നാണ് എനിക്ക് പറയാനാവും പഴയ ശൈലികളിൽ നിന്നും കാലഘട്ടത്തിൽ നിന്നുമുള്ള (മോഡേൺ ക്ലാസിക്) ഘടകങ്ങളുടെ ഉദ്ധരണികളുടെ ഉന്നത ആവൃത്തി.ഈ നിരീക്ഷണത്തിന്റെ ഒരു വശമിതാണ് ഓരോന്നും വ്യക്തമായി തിരിച്ചരിയാനാകുന്ന കാലഘട്ടങ്ങളുടെ പിന്തുടർച്ചയെന്ന് (ഡയക്രോണി **Diachrony**)[5] ലളിതമായി ഉൾക്കൊള്ളാവുന്നതാണ് ഉത്തരാധുനിക എന്ന പദം വിഗ്രഹിക്കുമ്പോഴുള്ള 'ഉത്തര'എന്ന ആദ്യഭാഗം ഒരു പുതിയ സംഭാഷണമെന്ന പോലെ കഴിഞ്ഞു പോയതിന് ശേഷമുള്ള പുതിയ ദിശ ഈ കാലനിർണ്ണയം സംഭാഷണമെന്ന പോലെ കഴിഞ്ഞുപോയതിനുശേഷമുള്ള പുതിയ ദിശ.ഈ കാലനിർണ്ണയം ആധുനികതയുടെ സൃഷ്ടിയാണെന്ന് നിരീക്ഷികാവുന്നതേയുള്ളു ക്രിസ്തുമതത്തിലും കാർട്ടീസിയനിസത്തിലും (**Cartesianism**) ജാക്കോബിസത്തിലുമാണ്( **Jacobism**) അതിന്റെ വേരുകൾ ചെന്നുചേരുന്നത് തീർത്തും പുതിയതായ ഒന്നിന് തുടക്കമിടാൻ ഘടികാരസൂചി പൂജ്യത്തിൽ നിന്ന് പുന:ക്രമീകരണം ആധുനികതയുടെ ആശയങ്ങൾ കെട്ടുപിണഞ്ഞു കിടക്കുന്നത് പരമ്പരയെ ഉടച്ചുവാർക്കുകയും നവ്യമായ ജീവിതശൈലിയും ചിന്താധാരകളും ആരംഭിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്നുമുള്ള തത്വത്തിലാണ്.പൊളിച്ചെഴുതൽ പഴയതിനെ വിസ്മരിക്കാനും അടിച്ചമർത്താനുമുള്ള നൂതന രീതി

യാണെന്ന് നമ്മുക്കിന്ന് അനുമാനിക്കാം അതുകൊണ്ടാണ് ആവർത്തനമെന്ന് പറയേണ്ടി വരുന്നത് അതിജിവനം എന്ന ല്ലാതെ. ഫ്രോയ്ഡ് 'സ്വപ്നങ്ങളുടെ ആഖ്യാനങ്ങ ളിൽ'[7]ഡ്രിംവർക്ക് എന്ന് വിശദീകരിച്ച ഭൂതകാല ജീവിത ത്തിന്റെ ബാക്കിപത്രങ്ങളുടെ അതേ രീതിയിൽ തന്നെയാണ് പുതിയ രൂപങ്ങളിൽ കാണാവുന്ന പഴയകാല ശിൽപഘടനയിലെ ഘടകങ്ങളും നിർമ്മിക്കപ്പെട്ടത്.അത് വിരോധാഭാസമാകട്ടെ വിമർശലമാകട്ടെ ഇത്തരത്തിലുള്ള പരാമർശനങ്ങളുടെയോ ആവർത്തനങ്ങളുടെയോ ഉപ യോഗം ട്രാൻസ്അവൻഗാർഡിസം (**Transavantgardism**) അല്ലെങ്കിൽ നിയോ എക്സ്പ്രഷനിസം[8]( **neo-expressionism)** എന്ന പേരിൽ സമകാലിക ചിത്രങ്ങളിൽ മുന്നിട്ടു നിൽക്കുന്ന പ്രവണതകളിൽ കാണാം.എന്റെ മൂന്നാ മത്തെ വാദത്തിൽ ഈ ചോദ്യങ്ങളിലേക്ക് തിരിച്ചുവരാം.ഉ ത്തരാധുനികത എന്ന പദവുമായി ചേർത്ത് വായിക്കാറുള്ള രണ്ടാമത്തെ അർഥം ഉരുത്തിരിഞ്ഞു വരുന്നതിൽ ഞാനും ഭാഗികമായി പങ്കാളിയാണ്.പൊതുവായ ധാരണ നിസ്സാര മായ ഒന്നാണ്.പുരോഗമനമെന്ന ആശയത്തോട് കഴിഞ്ഞ രണ്ടു ശതകങ്ങളിലായി ഒരു തരത്തിൽ വിശ്വാസം ക്ഷയിച്ച തായി നമ്മുക്ക് കാണാം.പുരോഗതി എന്നത് ലാഭകരവും സാധ്യവും അനിവാര്യമായതുമായ ഒന്നാണെ ന്നുള്ള ആശ യത്തിന്റെ അടിസ്ഥാനം കലയിലും വിജ്ഞാനത്തിലും സ്വാതന്ത്ര്യത്തിലും സാങ്കേതികവിദ്യയിലും മനുഷ്യരാശി ക്കുമൊത്തമായി അത് ലാഭകരമാണെന്നുള്ള ഉറപ്പാണ്.പ ത്തൊമ്പത്,ഇരുപത് നൂറ്റാണ്ടുകളിൽ ആരാണ് യഥാർത്ഥ ത്തിൽ പുരോഗതിയുടെ അഭാവത്തിൽ ഇരയാക്കപ്പെടേണ്ടി വന്നത് അത് ദരിദ്രരാണോ തൊഴിലാളികളാണോ നിരക്ഷര രാണോ എന്നുള്ള വസ്തുത തുറന്നുതന്നെ കിടന്നിരുന്നു.വി മോചനങ്ങളുണ്ടാകേണ്ട വിഷയങ്ങളെ ചൊല്ലിപോലും യാഥാസ്ഥിതികരും ഇടതുപക്ഷക്കാരും പുരോഗമനവാദിക ളുമൊക്കെ നിരന്തരം തർക്കങ്ങളുണ്ടായിട്ടുണ്ട് യുദ്ധങ്ങളെ ന്നുതന്നെ വിശേഷിപ്പിക്കാവുന്ന എന്നിരുന്നാലും വ്യവസ്ഥ കളും കണ്ടെത്തലുകളും സംരഭങ്ങളുമൊക്കെ നിയമാനു സൃതമാവുന്നത് അവ മനുഷ്യരാശിയുടെ വിമോചനത്തിന്

സംഭാവന ചെയ്യുമ്പോഴാണെന്ന അതേ വിശ്വാസത്തിലാണ് എല്ലാവിഭാഗങ്ങളും ഒത്തുപോകുന്നത്. രണ്ടുനൂറ്റാണ്ടുകൾക്കുശേഷം വിരോധമായി സൂചിപ്പിക്കുന്നതിനോട് നമ്മുടെ സമീപനം സവേദനക്ഷമതയുള്ളതായി മാറി.രക്തപങ്കിലമായ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ നിന്ന് മനഷ്യരാശിയ്ക്ക് എതിരെയുള്ള കുറ്റകൃത്യങ്ങളുടെ സന്ദേഹത്തിൽ നിന്ന് സ്വാതന്ത്രമായി മാർക്സിസമോ സാമ്പത്തിക രാഷ്ട്രിയ ഉദാരവൽക്കരണങ്ങളോ ഉടലെടുത്തിട്ടില്ല.നമ്മുടെ ഈ സംശയത്തെ വരച്ചുകാണിക്കാനും സ്ഥാപിക്കാനും തക്കതായ ഒരു കൂട്ടം സഞ്ജ്ജാനാമങ്ങളുടെ പട്ടിക തന്നെ നിരത്താനാകും.മനുഷ്യരാശിയെ സ്വയം വിമോചിതരാക്കാൻ സഹായിക്കുകയെന്നുള്ള ആധുനിക അവകാശവാദങ്ങളിലെ പ്രയോഗസിദ്ധമായ വിഷയങ്ങളേയും ഈയിടെയുണ്ടായ ചരിത്ര വസ്തുതകളുടെയും അപ്രസക്തി ചൂണ്ടികാണിക്കാൻ തിയോഡോർ അഡോണോയ്ക്ക് ശേഷം ഞാനുപയോഗിക്കുന്നത് ഔഷ്വിറ്റ്സിന്റെ പേരാണ്.എന്തു തരം ചിന്തയാണ് ഔഷ്വിറ്റ്സിനെ ഒരു സാർവത്രിക വിമോചനത്തിലേക്കുള്ള പൊതുവായ പ്രക്രിയയിലെക്ക് കലരാൻ ( **Sublate)**[1] പ്രാപ്തമാക്കുന്നത് പ്രയോഗസിദ്ധപരമായ അല്ലെങ്കിൽ അനുമാനപരമായ അതുകൊണ്ട് സെറ്റ്ഗെസ്റ്റിൽ ( **zeitgeist)** ഒരു തരം ദു:ഖം നിഴലിക്കുന്നുണ്ട്.ഒരു ആദർശരാഷ്ട്രത്തിന്റെ ( **utopia)** നിർമിതിയിലൂടെയോ പ്രതിലോമപരമായ മനോഭാവത്തിലൂടെയോ ഇത് തനിയേ പ്രകടമാക്കാനാകും. ഒരു പുതിയ കാഴ്ച്ചപ്പാട് വാഗ്ദാനം ചെയ്യുന്ന സംശീയാതീതമായ ക്രമീകരണത്തിലൂടെ ഇത് സാധ്യമാകില്ല.

രോഗങ്ങളെ ചെറുക്കാനുള്ളതല്ല മറിച്ച് വർദ്ധിപ്പിക്കാനുള്ള ഒരു വഴിയായി മാറിയിരിക്കുകയാണ് ടെക്നോസയൻസിന്റെ ആവിർഭാവം .ഒരു സ്വതന്ത്രശക്തിയാൽ **(motricity)**[2] ഈ വികാസം തനിയെ നടക്കുന്നതായി കാണാം മനുഷ്യന്റെ ആവശ്യങ്ങളിൽ നിന്നുടലെടുക്കുന്ന അനിവാര്യതയോടല്ല ഇത് പ്രതികരിക്കുന്നത് മറിച്ച് ഈ പുരോഗതിയുടെ ഫലങ്ങളാൽ എല്ലായ്പ്പോഴും അസ്ഥിരമാക്കപ്പെട്ട മനുഷ്യന്റെ നില നിൽപ്പിനോടാണ് ബൗദ്ധികമായ

ഫലങ്ങളോടത്രയും തന്നെ ഭൗതികമായതും പരിശീലനത്തിന്റെയും ചിന്തകളുടെയും പുതിയ വസ്തുതകൾ സമാഹരിക്കുന്ന പ്രക്രിയയിലെക്ക് ഓടികൊണ്ടിരിക്കുന്ന അവസ്ഥയിലാണ് മനുഷ്യരാശിയെന്ന് പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്.ഈ സങ്കീർണ്ണമാക്കുന്ന പ്രക്രിയയുടെ ഹേതു തീരുമാനിക്കുകയെന്നത് യഥാർത്ഥവും എന്നാൽ അവ്യക്തവുമായ ചോദ്യമാണെന്നാണ് എന്റെ കാഴ്ച്ചപ്പാട്. അത്യധികം സങ്കീർജണ്ണമായ അവസ്ഥയിലെക്ക് നീങ്ങുന്ന വിധിയെ പോലെയാണിത് ജീവിച്ചിരിക്കുന്നവ അല്ലെങ്കിൽ സാമൂഹിക ജീവി എന്ന നമ്മുടെ അവസ്ഥയിൽ നിന്നുരുതിരിയുന്ന സുരക്ഷിതത്വം ,സന്തോഷം,വ്യക്തിത്വം എന്നിവയുടെ ആവശ്യകത, സങ്കീർണ്ണമാക്കാനും മധ്യസ്ഥത വഹിക്കാനും ഓർമ്മിച്ചു വയ്ക്കാനും പുതിയ ഉപാധികൾ സംശ്ലേഷണം ചെയ്യാനുമുള്ള കടമകളുടെ വെളിച്ചത്തിലിന്ന് അപ്രധാനമായി തോന്നും.ഗള്ളിവരെപ്പോലെ [3] ചിലപ്പോൾ വളരെ വലുതും അല്ലെങ്കിൽ തീരെ ചെറുതും ഒരിക്കലും വൻതോതിലല്ലാത്ത സാങ്കേതികവിദ്യയുടെയും ശാസ്ത്രിയതയുടെയും ലോകത്താണ് നാം.തത്ഫലമായി ഇന്ന് ലാളിത്യത്തിനു വേണ്ടിയുള്ള അവകാശവാദങ്ങൾ അപരിഷ്കൃതമായി അനുഭവപ്പെടും.ഈ വസ്തുതയിൽ നിന്ന് മനുഷ്യരാശിയെ സങ്കീർണ്ണതകളോടുള്ള വെല്ലുവിളികളോട് ഏറ്റുമുട്ടുന്നതെന്നും പുരാതനവും ഭയാനകവുമായ അതിജീവനത്തിന്റേതെന്നും രണ്ടായി തിരിച്ച് പരിഗണിക്കേണ്ടത് അനിവാര്യമാണ് ആധുനിക പദ്ധതികളുടെ പരാജയത്തിന്റെ ഒരു പ്രധാന വശമിതാണ്.(ഇത് തത്വത്തിൽ മനുഷ്യരാശിയ്ക്ക് മൊത്തമായാണ് സാധുവാകുന്നത്)

മൂന്നാമത്തെ വാദം വളരെയധികം സങ്കീർണ്ണമാണെങ്കിലും ഞാൻ സാധ്യമായരീതിയിൽ ചുരുക്കിയവതരിപ്പിക്കാം.ഉത്തരാധുനികത ഉന്നയിക്കുന്ന ചോദ്യങ്ങൾ കല, സാഹിത്യം,തത്വചിന്ത,രാഷ്ട്രിയം എന്നിങ്ങനെയുള്ള ചിന്തകളിലെ ആവിഷ്കാരങ്ങളുടെ ചോദ്യങ്ങൾ കൂടിയാണ്.ഉദാഹരണത്തിന് കല എന്ന മേഖലയിൽ മഹത് പ്രസ്ഥാനമായിരുന്ന അവൻഗാർഡിസം( **avantgardism)** അവസാനിച്ചു എന്ന ആശയമാണ് മുന്നിട്ടു നിൽക്കുന്നത്.കാലഹരണപ്പെട്ട അത്യാധുനികതയുടെ ആവിഷ്കാരമായി പരിഗണിച്ച്

അവൻഗാർഡിസത്തെ[4] പരിഹസിക്കാനായി പൊതുവായ ധാരണയുള്ളതായി തോന്നും സൈനിക സംബന്ധിയായ അർഥങ്ങളുള്ളതിനാൽ അവൻഗാർഡ് എന്ന വാക്കിന്റെ ഉപയോഗം എനിക്ക് തീരെയിഷ്ടമല്ല.എന്നിരുന്നാലും ചിത്രകതയിലെ അവൻഗാർഡിസം എന്ന പ്രക്രിയ യഥാർത്ഥത്തിൽ വളരെയധികം കാലഹരണപ്പെട്ടതും ആധുനികയിൽ സൂചിതമായ ഉദ്ദേശങ്ങളുടെ ഉത്തരവാദിത്വപരമായ അന്വേഷണമായും നിരീക്ഷിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്.ചിത്രകാരന്മാരുടെ രചനകൾ മനസ്സിലാക്കാനുള്ള ശരിയായ സമീപനം ഉദാഹരണത്തിന് മാനറ്റ് മുതൽ ഡ്യുഷാമ്പ്(**Duchamp**)അല്ലെങ്കിൽ ബാർണെറ്റ്(**Barnett**) അല്ലെങ്കിൽ ന്യുമാൻ[5] ( **Newman**)സൈക്കോ അനലിറ്റിക്കൽ തെറാപ്പിയിൽ സംജാതമായ അനുസ്മരണങ്ങളുമായി[6] (**anamnesis**) താരതമ്യപ്പെടുത്തലാണ്. രോഗി തന്റെ ഇപ്പോഴുള്ള പ്രശ്നം കഴിഞ്ഞ കാലത്തിലെ അപ്രസക്തവും അമൂർത്തവും സാങ്കൽപ്പികവുമായ ശകലങ്ങളുമായി ബന്ധിപ്പിച്ചു പറയുന്നത് പോലെ സെസെയ്ൻ,പിക്കാസോ,കണ്ടിൻസ്കി,ക്ലി,മോൺട്രിയൻ,മെയിൽവിൽച്ച്[7] ഒടുവിൽ ഡ്യുഷാമ്പ് എന്നിവരുടെ രചനകൾ ആധുനികത തന്നിൽ തന്നെ പ്രവർത്തിപ്പിക്കുന്ന ഫ്രോയ്ഡ്, 'വർക്കിങ്ത്രൂ'[8] (**Working through**) എന്ന് വിശേഷിപ്പിച്ച സംഗതിയായി പരിഗണിക്കാം.ഈ ഉത്തരവാദിത്തം ഉപേക്ഷിക്കുകയാണെങ്കിൽ നാം യാതൊരു വ്യതിയാനവുമില്ലാതെ മോഡേൺ ന്യൂറോസിസ്,സ്കീസോഫ്രീനിയ,പാരനോയിയ മുതലായവ ആവർത്തിക്കാൻ വിധിക്കപ്പെടുമെന്നത് തീർച്ചയാണ്.ഉത്തരാധുനികതയിലെ 'ഉത്തര' എന്ന പദം അർഥമാക്കുന്നത് തിരിച്ചുവരികയോ പിന്നോട്ടു പോവുകയെ പ്രതികരിക്കുകയോ അല്ല എന്നാൽ വിശകലനം ചെയ്യുകയും(**Analyse**)പ്രതിഫലിപ്പിക്കുകയും അനുസ്മരിക്കുകയും ചെയ്യുക( **anamnesing**) എന്നാണ്.

**കുറിപ്പുകൾ**

1. സബ് ലേറ്റ് (Sublate) : ജോർജ് വിൽഹെം ഫ്രെഡറിച്ച് ഹെഗലിൻറെ (1770-1831)തത്വ സാങ്കേതിക പദം . ഹെഗലിന്റെ അതിന്റെ വിപരീതമായ ആൻറിതീസിസും കെട്ടുപിണഞ്ഞുകിടക്കുന്നത് അവയെ സംയോജിപ്പിക്കുന്ന സംശ്ലേഷണത്തിലാണ്.ഇവിടെ മനുഷ്യരാശിയെ അതിന്റെ സമ്പൂർണ്ണതയിലേക്ക് നയിക്കുന്ന സംരഭമായ പുരോഗതി, ഔഷ് വിറ്റ്സിൻറെ ഹിംസാത്മകമായ പ്രവർത്തിയായ വിരോധാഭാസവുമായി സംഗമിക്കുന്നു.
2. മോടിസിറ്റി : മനുഷ്യനും നിയന്ത്രിക്കാനാവുന്നതിലുമപ്പുറമുള്ള ചരിത്രത്തിലെ ചലന-മെന്ന ആശയം പകർന്നു നൽകാനായി ലിയോത്താർഡ് രൂപം കൊടുത്ത പദം .
3. ഗളിവർ : ഭീമാകാരമായ മനുഷ്യരും ആറിഞ്ചു വലിപ്പമുള്ള ജനങ്ങളുമധിവസിക്കുന്ന ദ്വീപുകൾ സന്ദർശിക്കുന്ന ഗളിവർ ജൊനാതൻ സ്വിഫ്റ്റിന്റെ ഗളിവറുടെ യാത്രകളിലെ നായകനും ആഖ്യാതവുമാണ്.
4. അവൻ -ഗാർഡ് (Avant-garde) :ഇന്ന് ആധുനികം അല്ലെങ്കിൽ ഹിസ്റ്റോറിക് അവൻ -ഗാർഡ് എന്ന് മുദ്രകുത്തപ്പെട്ടവ ,ആധുനികത അതിൻറെ ഉച്ചസ്ഥാതയിൽ നിൽക്കുമ്പോൾ ശക്തമായിരുന്ന യാഥാർത്ഥ്യവാദം , ദാദായിസം , ഭവിഷ്യവാദം ,ജ്ഞാന നിർമിതിവാദം എന്നിങ്ങനെയുള്ള സ്വയം സംഘടിതമാവുകയും സ്വയം നാമകരണം ചെയ്യുകയും ചെയ്ത പ്രസ്ഥാനങ്ങളുടെ പ്രഭവ സ്ഥാനമാണ് .ഈ പദം യഥാർത്ഥത്തിൽ അർത്ഥമാക്കുന്നത് ഒരു സേനയുടെ പുരോഗതി പ്രാപിച്ച അംഗരക്ഷകരെയാണ്.
5. ബാർണെറ്റ് ന്യൂമാൻ (Barnett Newman) : അമേരിക്കൻ അബ്സ്ട്രാക്റ്റ് എക്സ്പ്രഷനിസ്റ്റ് ചിത്രകാരൻ (1905-1970).

ഇഡോസ് മാനെറ്റ് (1833-1883) : ഇംപ്രഷനിസ്റ്റുകളുടെ മുൻഗാമിയെന്നും ആദ്യത്തെ ആധുനികചിത്രകാരനെന്നും പലപ്പോഴായി വിളിക്കപ്പെടുന്നു.

മാർസെൽ ഡ്യൂഷാമ്പ് . (1887-1968) : പ്രശസ്ത ഫ്രഞ്ച് ചിത്രകാരകാരൻ . (പിന്നീട് അമേരിക്കൻ) അദ്ദോഹത്തിൻറെ പരീഷണങ്ങൾ ഉത്തരാധുനിക കലയെ - മുൻകൂട്ടികാണിച്ചു തന്നു.

ഉത്തരാധുനിക കലയുടെ ആഗമനത്തിനെ പ്രവചിക്കുന്ന വണ്ണമായിരുന്നു അദ്ദേഹത്തിന്റെ പരീക്ഷണങ്ങൾ.

6. അമ് നെസിസ്(annesis) :അനുസ്മരിക്കുക .
7. പ്രധാനപ്പെട്ട എല്ലാ ആധുനിക ചിത്രകാരന്മാരും .

ഫ്രഞ്ച് ഇംപ്രഷനിസ്റ്റ് ചിത്രകാരനും ക്യൂബിസത്തിന്റെ മുൻഗാമിയുമായിരുന്ന പോൾ സെസെയ്ൻ (Paul cezanne) (1839-1906)

പാബ്ലോ പിക്കാസോ ( Pablo Picasso) (1881-1973) :ആധുനിക ചിത്രകലാരംഗത്ത് വളരെയധികം പ്രകീർത്തിക്കപ്പെട്ട സ്പാനിഷ് ചിത്രകാരൻ.

Robert Delaunoy( റോബർട്ട് ഡിലനി- 1885-1941):ഫ്രഞ്ച്കാരനായ ആധുനിക ചിത്രകാരൻ.

വസിലി കണ്ടിൻസ്കി (Wassily Kandinsky) (1866-1944):റഷ്യൻ അബ്സ്ട്രാക്റ്റ് ചിത്രകാരൻ.

പോൾ ക്ലീ (Paul klee) (1879-1940): സ്വിസ് അവൻ - ഗാർഡ് ചിത്രകാരൻ .

പിയറ്റ് മോൺട്രിയൻ (1872-1944) (Piet Monrian) : ഡേ സ്റ്റ്ജ്ലിലെ അംഗമായിരുന്ന ഡച്ച് അബ്സ്ട്രാക്റ്റ് ചിത്രകാരൻ .

കാസിമിർ മലേവിച്ച് (Kasimir Malevich)(1878-1935):റഷ്യൻ ജ്ഞാനനിർമിതിവാതത്തിലെ പ്രമുഖ ചിത്രകാരൻ . അദ്ദേഹം റഷ്യൻ വിപ്ലവത്തിലും അതിനുടനടിയുണ്ടായ അനന്തരഫലങ്ങളിലും സജീവ പങ്കാളിയായിരുന്നു.

8. വാർകിങ് ത്രൂ (Working through) : ഫ്രോയിഡിയൻ തെറാപ്പിയുമായി ബന്ധപ്പെട്ട സാങ്കേതികപദം.വർകിങ് ത്രൂവിനുശേഷം മാത്രമാണ് സ്വന്തമായി ഗ്രഹിക്കാനാവുന്നവയിലേക്ക് സ്വാംശീകരിക്കപ്പെടാത്ത കഴിഞ്ഞകാലത്തിലെ പല ഘടകങ്ങളിൽ നിന്നും ഭൂതകാലത്തെ അടിച്ചമർത്തിയതിൽ നിന്നുരുത്തിരുഞ്ഞ ലാക്ഷണിക സ്വഭാവങ്ങളിൽ നിന്നും സ്വതന്ത്രമാകാൻ രോഗിക്ക് കഴിയുന്നത്.

## ലിയോത്താർഡ്

**ലിയോത്താർഡിന്റെ ജന്മദേശം ഫ്രാൻസിലെ വേഴ്സാലിയസാണ്.സ്റ്റബേണിൽ നിന്ന് 1949ൽ ബിരുദാനന്തര ബിരുദത്തിന് തുല്യമായ വിദ്യഭ്യാസം പൂർത്തിയാക്കിയ ശേഷം 1950കളിൽ തന്നെ അദ്ദേഹം അധ്യാപകവൃത്തിക്കു തുടക്കം കുറിക്കുന്നു.മാർക്സിസ്റ്റ് ദർശനങ്ങളുടെ നേർകാഴ്ചകളെന്ന് വിശേഷിപ്പിക്കാവുന്ന അദേഹത്തിന്റെ ആദ്യകാല രചനകൾ വിഖ്യാത പ്രതിഭാസിക വിജ്ഞാതാവായ മൗറിസിന്റെ പാതയിലാണ് രചിക്കപ്പെട്ടിരിക്കുന്നത് . ഫ്രാൻസിനെ മുൾമുനയിലാഴ്ത്തിയ അർജന്റിനയിലെ കോളനി വിരു ദ്ധപ്രക്ഷോഭങ്ങളിലും 1968ൽ അരങ്ങേറിയ വിദ്യാർത്ഥി വിപ്ലവത്തിലും മറ്റു പല ഫ്രഞ്ച് ചിന്തകൻമാരെപ്പോലെ സജീവ പങ്കാളിയായിരുന്ന ലിയോത്താർഡിന്, ഫ്രഞ്ച് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ തങ്ങളുടെ അന്ത:സത്ത തന്നെ വിസ്മരിച്ചുകൊണ്ട് ഇത്തരംപ്രതിസന്ധികളോട് കൈകൊണ്ട വൈരുദ്ധ്യാത്മ നിലപാടുകളിൽ നിരാശനാകേണ്ടി വരുന്നു. തൊഴിലാളി വർഗ്ഗത്തിൽ നിന്നല്ലാതെ ഉടലെടുത്ത ദുരിതങ്ങളും സാമ്പത്തിക അസന്തുലിതാവസ്ഥകളും ഉൾകൊണ്ട് അകമഴിഞ്ഞ**

പിൻതുണ പ്രഖ്യാപിക്കുന്നതിൽ നിന്ന് ക്രമേണ മാർക്സിസം അകലുകയാണുണ്ടായത് .

ഉത്തരാധുനികതയെ നിർവചിക്കുക എന്ന ഈ ഹ്രസ്വഭാഗം ലിയാത്തോഡിന്റെ പ്രധാനപ്പെട്ട വീക്ഷണങ്ങളാണ് ചർച്ചചെയ്യുന്നത്. ലിയോത്തർഡിന്റെ കാഴ്ചപ്പാടിൽ കലയിലെ ആധുനികത ആധുനികതയുടെ സാർവത്രികമായ ഉദ്ദേശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ആധുനിക ശിൽപകല സകലതിനും നവ്യമായ ഭാവം നൽകാനും ലോകത്തെയൊന്നടങ്കം മാറ്റിമറിക്കാനും ജനങ്ങളൊന്നാകെ നൂതന നഗരങ്ങൾ സൃഷ്ടിച്ചു കൊണ്ട് ജീവിക്കുന്ന രീതിയിൽ തന്നെ സമ്പൂർണ്ണമായ വിപ്ലവം കൊണ്ടുവരാനും ശ്രമിച്ചത് അതുകൊണ്ടാണ്. എന്നാലിന്ന് ഔഷ്വിറ്റ്സിനുശേഷം മനുഷരാശിയെ മൊത്തം മാറ്റിമറിക്കാമെന്ന സ്വപ്നം ഹിംസയിലൂടെ മാത്രമേ പിന്തുടരാനാകുവെന്നും അങ്ങനെയുണ്ടായാൽ തന്നെ വിജയം കൈവരിക്കണമെന്നില്ലെന്നും നാം തിരിച്ചറിഞ്ഞു. സകലതിനെയും വിലയിരുത്തുന്ന ഒരുസാർവത്രികമായ മാനദണ്ഡത്തോട് കൂറു പുലർത്തുന്നത് വ്യത്യസ്തതകളോടും അതിനെ എതിർക്കുകയോ ചേർച്ച പുലർത്താതിരിക്കകയോ ചെയ്യുന്നതിനോടും മാരകമായ ശത്രുത ജനിപ്പിക്കും. ആധുനിക വാസ്തുശില്പികളും നഗരാസൂത്രകരും അവരുടെ നാഗരിക നവീകരണത്തിനുള്ള പദ്ധതികൾ മെച്ചപ്പെട്ട ജീവിതങ്ങൾ കെട്ടിപ്പടുക്കുമെന്ന് വിശ്വസിച്ച് പഴമയെ യാതൊരു ദാക്ഷി ണ്യവും കൂടാതെ ഉന്മൂലനം ചെയ്യുകയാണുണ്ടായത്. എന്നാൽ അതിനു പകരം അവർ സൃഷ്ടിച്ചതോ മനുഷ്യൻഅവൻ ജീവിക്കുന്ന ചുറ്റുപാടിനോട് ഒട്ടുമേബന്ധം പുലർത്താത്ത വാസയോഗ്യമല്ലാത്ത തരിശുഭൂമികളും. ലോകം മുഴുവനും ഇഞ്ചോടിഞ്ചിഴ പിരിയാതെ പടനയിക്കുന്നത് സമാനമായ അപ്രായോഗികമായ ഭാവിയിലേയ്ക്കാണെന്നതിനാൽ ഉത്തരാധുനികത തിരിച്ചുപോകുന്നത് പുരോഗതിയെ കുറിച്ചുള്ള ഈനിലപാടിലേക്കാണ് എന്നാൽ ലിയോത്താഡാകട്ടെ അതിനു പകരം പ്രാദേശികമായ വൈജാത്യങ്ങളോടും മനുഷ്യർ ജീവിക്കാൻ തിരഞ്ഞെടുക്കുന്ന വിഭിന്നങ്ങളായ വഴികളോടും വ്യത്യസ്തതകളോടും ബഹുമാനവും പ്രശംസയും പ്രകടി

പ്പിക്കുകയാണ് ചെയ്യുന്നത്. ഉത്തരാധുനിക അവസ്ഥയിൽ അദ്ദേഹം അഭിപ്രായപ്പെടുന്നത് പ്രാദ്ദേശികമായ വിഭിന്നതകൾ താരതമ്യം ചെയ്യാൻ പൊതുവായൊരു അളവുക്കോൽ അപ്രാപ്യമെന്നാണ് ്. ഒരു ജീവിതരീതിയോ ചിന്താശകലമോ മറ്റൊന്നിനോട് കിടപിടിക്കുകയാണെന്നോ ഒന്നു പുരോഗമനപരവും മറ്റേത് പ്രതിലോമകരമോ തരംതാണതോ ആണെന്നും ആത്മവിശ്വസത്തോടെ സമർത്ഥി ക്കാനാകില്ല. ആപ്പിളിനേയും ഓറഞ്ചിനെയും പോലെ രണ്ടു ചേരിയിലായി വേറിട്ടുനിൽ ക്കുന്ന അളക്കാനാകാത വസ്തുതകളാണ് ഇത്തരം നാനാത്വങ്ങൾ വർദ്ധിച്ചു വരുന്ന ശാസ്ത്രജ്ഞാനവും സാങ്കേതിക മികവുകളും അബോധപൂർവ്വമായി സൃഷ്ടിച്ച പാർശ്വഫലങ്ങൾ(പരിസ്ഥിതിനാശം, മനുഷ്യരാശിയെ തുടച്ചുനീക്കാനുള്ള മാരകായുധങ്ങൾ തുടങ്ങയവ) പുരോഗതിയെ ഒരു മാനദണ്ഡമായി ഉയർത്തി കാണിക്കുന്നതിനെ പിന്തിരിപ്പിക്കുന്നു. ഭൂമിയെ മുഴുവനായും അതിലധിവസിക്കുന്ന ജനവിഭാഗങ്ങളെയും ഒരച്ചുകുടത്തിലേക്കു പറിച്ചു നടുവാനും ചരിത്രത്തെ ഒരൊറ്റ ദിശയിലേക്ക് വഴിതിരിച്ചു വിടുവാനുമുള്ള നമ്മുടെ പ്രവണതകൾക്ക് വിരാമമിടുന്നതാണ് യഥാർത്ഥത്തിൽ നല്ലത്.

ഒഴിച്ചുകൂടാനാകാത്ത സംഗതിയെന്ന് പലപ്പോഴായി പുരോഗതിയെ വിശേഷിപ്പിച്ച അദ്ദേഹം അത് നന്മയെ മുൻനിർത്തിയുള്ള പ്രബലമായ പോരാടി നേടേണ്ട ഒന്നാണെന്ന് ചില ഇടങ്ങളിൽഅഭിപ്രായപ്പെടുന്നുണ്ട ്. എന്നാലദ്ദേഹം തന്നെ അതിനു വിപരീതമായി പുരോഗതിയിൽ വിശ്വാസം ക്ഷയിച്ച് ആധുനികതയുടെ ബൃഹദാഖ്യാനങ്ങളിലും ദുർബബ്ബലരേരും അറിവില്ലാത്തവരെയും അടിച്ചമർത്തപ്പെട്ടവരെയുമൊക്കെ വിമോചിതരാക്കാമെന്ന പ്രഖ്യാപനങ്ങളിലും സംശയാലുക്കളായി അവയെ നിഷേധിച്ചു കൊണ്ട്നാം മുന്നേതന്നേ ഉത്തരാ ധുനികതയിലെക്ക് ചുവടു വച്ചതായി പറയുന്നുമുണ്ട് . ലിയോത്താർഡിന്റ കൃതികൾ ജനിപ്പച്ച വാദമുഖങ്ങൾ ഒരുഉത്തരാധുനിക ദർശനം പ്രബലമായതായി ഒരിക്കലും സൂചിപ്പിക്കുന്നില്ല . ലിയോത്താർഡിന്റെ വീക്ഷണങ്ങളിലെ സ്പഷ്ടമായ നിഷ്ക്രിയതയിലാണ് ഹേബർമാസിന്റെയും മറ്റുചിന്തകരു

ടെയും രാഷ്ട്രീയപരമായ എതിർപ്പുകൾശ്രദ്ധകേന്ദ്രീ കരിക്കുന്നത്. വിഭിന്നമായ ജീവിതരീതികളെ നിശ്ചയിക്കാൻ നമ്മുക്ക് മാർഗങ്ങളൊന്നുമില്ലെങ്കിൽ നിലക്കൊള്ളുന്ന തെന്തിനെയും സഹിഷ്ണുതയോടെ സമീപിക്കേണ്ടി വരും. അതുമാത്രമല്ല മാനദണ്ഡങ്ങളുടെ അഭാവം നില നിൽക്കുന്ന അവസ്ഥയെ മാറ്റി മറിച്ചു കൊണ്ട് ശോഭനീയമായ ഭാവി പിറന്നുവീഴുമെന്ന നമ്മുടെ സങ്കൽപ്പങ്ങളെ തകിടം മറി ക്കുകയും ചെയ്യും. മറ്റൊരാൾ തിരഞ്ഞെടുത്ത ജീവിതരീതിക്ക് ഭംഗം വരുത്തുന്നത് കൃത്യമായ ഇടപെടലോടെ വിരാമമിടേണ്ട (സ്റ്റേറ്റോ മറ്റു ഏജൻസികളോ )കുറ്റകൃത്യമാണെ ന്ന് അഭിപ്രായപ്പെടുന്ന അദ്ദേഹത്തിന്റെ ജസ്റ്റ് ഗെയിംസിൽ ഇത്തരത്തിലുള്ള ആകുലത കൾ പങ്കുവയ്ക്കപ്പെടുന്നുണ്ട് .ജനങ്ങൾ തിരഞ്ഞെടുത്ത ജീവിതരീതിയുമായി മുന്നോട്ടു പോകുന്നതിൽ വിലക്കുകൾ സൃഷ്ടിച്ച നാസിസത്തിനെതിരെയുള്ള ബലാത്കരമായ ഇടപെടലുകൾ ന്യായികരിക്കപ്പെടുന്നത് അതുകൊണ്ടാണ് .

കല–സാഹിത്യ രംഗങ്ങളിലാകട്ടെ ആധുനികതയിലും ഉത്തരാധുനികതയിലും ശൈലിയിലും ആവിഷ്കരണത്തിലുമുണ്ടായ വ്യതിയാനങ്ങളിലാണ് ലിയോത്താർഡ് ശ്രദ്ധ പതിപ്പിച്ചത്.മനശാസ്ത്രജ്ഞർ ആഘാതാനന്തരമുണ്ടാകുന്ന മനോവിഭ്രമം (**Post traumatic stren disorder**) എന്നു വിശേഷിപ്പിക്കുന്നതിന്റെ പ്രകടമായ സൂചകങ്ങൾ ഉത്തരാധുനികതയിൽ എത്രത്തോളം ദൃശ്യമാണെന്ന് ഉയർത്തികാണിക്കുകയാണ് ഇവിടെ തിരഞ്ഞെടുത്ത ഭാഗം ചെയ്യുന്നത്. ഫ്രഞ്ച് വിപ്ലവം മുതലിങ്ങോട്ട് മനുഷ്യരാശിക്കെതിരായി വർദ്ധിച്ചു വരുന്ന വൻതോതിലുള്ള കുറ്റകൃത്യങ്ങളും കൊടുംക്രൂരത നടമാടിയ യുദ്ധങ്ങളും രക്തപങ്കിലമാക്കിയ കഴിഞ്ഞുപോയ രണ്ടു നൂറ്റാണ്ടുകൾ ഉത്തരാധുനിക കലാകാരനെ ഒഴിയാബാധയായി പിന്തുടരുന്നതായി അദ്ദേഹം നിരീക്ഷികുന്നുണ്ട്.സമകാലിക സാഹിത്യത്തിലുടനീളം ഉപയോഗിക്കുന്ന മിശ്രരചന(**Pastiche**) (സാഹിത്യത്തിലെയോ സാഹിത്യചരിത്രത്തിലെയോ ഭൂതകാല നിമിഷങ്ങളുടെ പരാമർശങ്ങൾ)നിലവിൽ നമ്മുടെ കൈപിടിയിലുള്ള നിമിഷത്തെ നിർജീവമാക്കുന്ന ആഘാതമേൽപ്പിച്ച ഭൂതകാല

ത്തിന്റെ വശീകരണ വിദ്യകൾ തകർത്തെറിയാനുള്ള ഫ്രോയിഡിയൻ പരിച്ഛേദനങ്ങളാണ്.ഉത്തരാധുനികത പേരു സൂചിപ്പിക്കുന്നപോലെ ഒരു പക്ഷേ തനതുസത്ത മാത്രം പ്രദർശിപ്പിക്കുന്ന ഒരു കാലഘട്ടമല്ല മറിച്ച് അതു പിടിച്ചു കുലുക്കാൻ ശ്രമിച്ച ആധുനികതയുമായി അഭേദ്യം ബന്ധം പുലർത്തുന്ന ഒന്നാണ്.ഭൂതകാലത്തെ പൂർണ്ണമായും തച്ചുടയ്ക്കാമെന്ന ആധുനികതയുടെ സങ്കൽപങ്ങൾ ഭൂത കാലത്തിന്റെ തനി ആവർത്തനം മാത്രമാകുമെന്ന തിരിച്ചറി വുള്ളതിനാൽ അത് മറികടക്കാൻ പാരമ്പര്യത്തിലൂടെ തന്നെ പരിഹാരം തേടുകയാണ് ഉത്തരാധുനികത പറയു ന്നത്.അതിജീവനത്തിന്റെ മറുപുറത്തെന്താണ് കാത്തിരിക്കു ന്നതെന്ന് അദ്ദേഹത്തിന് ധാരണയില്ലെങ്കിലും ഉത്തരാധുനിക സാഹിത്യവും സ്കീസോഫീനിയയും സ്വത്വത്തിന്റെ ഛിന്ന ഭിന്നമാക്കലും തമ്മിലുള്ള ബന്ധത്തെ കുറിച്ചുള്ള ഫെഡ റിക് ജയിംസണിന്റെ വാദങ്ങളെ പരോക്ഷമായി നിരാക രിച്ചുകൊണ്ട് നമ്മുടേത് ആരോഗ്യകരമായ നിമിഷമാണെന്ന് അദ്ദേഹം ശുഭാപ്തി വിശ്വാസം പ്രകടിപ്പിക്കുന്നു. പാരമ്പര്യ ത്തിന്റെ വിവിധ ശകലങ്ങൾ ഉടച്ചുവാർക്കുകയും പ്രതിഫലി പ്പിക്കുകയും ചെയ്തില്ലെങ്കിൽ മാത്രമേ മനോവിഭ്രമം ഉണ്ടാ വുകയുള്ളുമെന്നാണ് ലിയോത്താഡിന്റെ വാദം നമ്മു ടെയും നാമുൾക്കൊള്ളുന്ന വിശാലമായ ലോകത്തിന്റെയും ആനുപാതികമല്ലാത്ത ശകലങ്ങളൊക്കെയും ചേർത്തുവച്ചാൽ വെടിപ്പായൊതുങ്ങിയിരിക്കുമെന്ന് നാം പ്രത്യാശിക്കരുത്.സകലതിനെയും ഉൾക്കൊള്ളുന്ന ശരിതെ റ്റുകളുടെ ലളിതമായ മാതൃകകളോ സരളമായ ദർശന ങ്ങളോ സങ്കീർണ്ണത ഒഴിവാക്കാനുതകുകയില്ലെന്നദ്ദേഹം ഊന്നിപറയുന്നു 'ഉത്തരാധുനിക അവസ്ഥയിലും' മറ്റുള്ള രചനകളിലും ലിയാത്താർഡ് ഉത്തരാധുനിക സാഹി ത്യത്തെ ഉദാത്തമായതുമായി ബന്ധിപ്പിക്കുന്നു.എന്തി നാണോ തന്റെ യസ്ഥിത്വം നിലനിൽക്കുന്ന സൂചകങ്ങളുടെ വ്യവസ്ഥയിലൊതുക്കാനാവാത്തത് അതിന് ഇടം നൽകുന്ന താവണം സാഹിത്യം എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രാ യം.എല്ലാത്തിനെയും അതിന്റെ വ്യവസ്ഥയിലെക്ക് ചുരുക്കു വാനും അല്ലെങ്കിൽ അത്തരം സംക്ഷിപ്തതകളെ എതിർക്കു ന്നതിനെയൊക്കെ മായ്ച്ചു കളയാനുമുള്ള ആധുനികത

യുടെ പ്രവണതകൾ ഒഴിവാക്കികൊണ്ട് കണക്കുകൂട്ടലിനെയും ധിഷണശക്തിയെയും അതിശയിപ്പിക്കുന്ന ഉദാത്ത മാതൃകകളെ അഭിനന്ദിക്കാൻ പരിപോഷിപ്പിക്കുകയാണ് വേണ്ടത്.ഉത്തരാധുനിക സാഹിത്യത്തിന് അത്തരത്തിലൊരു സംവേദനശക്തി വളർത്താനാകുമെങ്കിൽ വിഭിന്നതകൾക്ക് നിലക്കൊള്ളാനാകുന്ന ഒരു പക്ഷേ തഴച്ചുവളരാൻ പോലുമാകുന്ന നിലമൊരുക്കുകയാവും ചെയ്യുന്നത് അങ്ങനെയുള്ളൊരു ഭാവിക്കു മാത്രമേ നാമധിവസിക്കുന്ന ലോകത്തിലെ സങ്കീർണ്ണതകളോടും വൈവിധ്യങ്ങളോടും നീതി പുലർത്താനാകു.